**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 856** **06-12-2022 - ൽ മറുപടിയ്ക്ക്**

**അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നിയന്ത്രിക്കുന്നതിന് നിയമ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ. വാഴൂർ സോമൻ** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് അന്ധവിശ്വാസങ്ങൾക്കും നരബലി പോലുള്ള അനാചാരങ്ങൾക്കുമെതിരെ സമഗ്രമായ നിയമം രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | **ഇക്കാര്യം ആഭ്യന്തര വകുപ്പിന്റെ പരിശോധനയിൽ ആണ്.** |
| (ബി) | ഇത്തരം അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഉന്മൂലനം ചെയ്യുന്നതിനായി വിവിധ മതവിഭാഗങ്ങളിലെ മതപണ്ഡിതന്മാരുമായി ആശയവിനിമയം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | പരിശോധിച്ച് വരുന്നു. |
| (സി) | ബാല്യകാലം മുതൽ യുക്തിബോധവും ശാസ്ത്രബോധവും വളർത്തി മാനവീകതയിലടിസ്ഥാനപ്പെടുത്തിയ സമൂഹ സൃഷ്ടിക്കായി നടപ്പിലാക്കുന്ന വിവിധ പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ; | (സി) | യുക്തിബോധവും ശാസ്ത്രബോധവുമുള്ള സമൂഹസൃഷ്ടിക്കായും മയക്കു മരുന്ന്, അനാചാരം, അന്ധവിശ്വാസം തുടങ്ങിയ സാമൂഹ്യ തിന്മകൾക്കെതിരെ ആശയ, പ്രചാരണ, ബോധവത്ക്കരണ പരിപാടി നടത്തുന്നതിനുമുള്ള പദ്ധതികൾ ആലോചിക്കുന്നുണ്ട്. |
| (ഡി) | അന്ധവിശ്വാസങ്ങളും അനാചാരങ്ങളും തടയുന്നതിനുള്ള അവബോധം സൃഷ്ടിക്കുന്നതിനായി വിദ്യാർത്ഥികൾക്കിടയിലും പൊതുജനങ്ങൾക്കിടയിലും പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുമോ? | (ഡി) | യുക്തിബോധവും ശാസ്ത്രബോധവുമുള്ള സമൂഹസൃഷ്ടിക്കായും മയക്കു മരുന്ന്, അനാചാരം, അന്ധവിശ്വാസം തുടങ്ങിയ സാമൂഹ്യ തിന്മകൾക്കെതിരെ ആശയ, പ്രചാരണ, ബോധവത്ക്കരണ പരിപാടി നടത്തുന്നതിനുമുള്ള പദ്ധതികൾ ആലോചിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ